പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2243 — 20.01.2021 -ൽ മറുപടിക്ക്

## റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഗോഡൗണുകൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീമതി പി. അയിഷാ പോറ്റി** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്നതിന് കൊട്ടാരക്കര താലൂക്കിൽ എത്ര ഗോഡൗണുകൾ ഉണ്ട്; അവ എവിടെയെല്ലാമാണ് ; | (എ) കൊട്ടാരക്കര താലൂക്കിന് കീഴിൽ 2 പി.ഡി.എസ് ഡിപ്പോകൾ ആണ് ഉള്ളത്.<br>1. കൊട്ടാരക്കര പി.ഡി.എസ് ഡിപ്പോ<br>2. കടയ്ക്കൽ പി.ഡി.എസ് ഡിപ്പോ<br>കൊട്ടാരക്കര പി.ഡി.എസ് ഡിപ്പോ പ്രവർത്തിക്കുന്ന കെട്ടിടം കൂടാതെ 06 കെട്ടിടങ്ങൾ കൂടി റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്നതിന് ഉണ്ട്. കടയ്ക്കൽ പി.ഡി.എസ് ഡിപ്പോ പ്രവർത്തിക്കുന്ന കെട്ടിടം കൂടാതെ മറ്റൊരു കെട്ടിടം കൂടി റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്നതിന് നിലവിൽ ഉണ്ട്. |
| (ബി) ഓരോ ഗോഡൗണുകളുടെയും ചുമതലയുള്ള ജീവനക്കാരുടെ തസ്തികയും എണ്ണവും വെളിപ്പെടുത്തുമോ ; | (ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ഓരോ ഗോഡൗണിലും പ്രതിദിനം ശരാശരി എത്ര അളവിൽ ഭക്ഷ്യധാന്യം കൈകാര്യം ചെയ്യുന്നുവെന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ ; | (സി) കൊട്ടാരക്കര ഗോഡൗണിൽ പ്രതിദിനം 08 ലോഡ് ഭക്ഷ്യധാന്യവും കടയ്ക്കൽ ഗോഡൗണിൽ പ്രതിദിനം 06 ലോഡ് ഭക്ഷ്യധാന്യവും കൈകാര്യം ചെയ്യുന്നു. |
| (ഡി) ഗോഡൗണുകളിലേക്ക് എത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് ഗോഡൗണിൽ രേഖപ്പെടുത്തുന്നുണ്ടോ എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ? | (ഡി) ഗോഡൗണിൽ എത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് രേഖപ്പെടുത്താൻ പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ട്. ആയതിന് സ്റ്റോക്ക് രജിസ്റ്റർ, ഗോഡൗൺ രജിസ്റ്റർ, ഇഷ്യൂ രജിസ്റ്റർ എന്നിവ പ്രത്യേകം സൂക്ഷിക്കുന്നുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് വകുപ്പിന് NIC തയ്യാറാക്കി നൽകിയിരിക്കുന്ന സപ്ലൈ ചെയിൻ മാനേജ്മെൻറ് സൊല്യൂഷൻ സോഫ്റ്റ് വെയറിലും (SCMS) സപ്ലൈകോ സോഫ്റ്റ് വെയർ ആയ DMS ലും ഫുഡ് കോർപ്പറേഷനിൽ നിന്നും എത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് രേഖപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**കൊട്ടാരക്കര പി.ഡി.എസ് ഡിപ്പോയിലെ ജീവനക്കാരുടെ വിവരങ്ങൾ.**

| തസ്തിക | എണ്ണം |
|---|---|
| **കൊട്ടാരക്കര പി.ഡി.എസ് ഡിപ്പോ** | |
| സീനിയർ അസിസ്റ്റന്റ് | 1 |
| ജൂനിയർ അസിസ്റ്റന്റ് | 1 |
| അസിസ്റ്റന്റ് സെയിൽസ്മാൻ | 5 |
| ആകെ | 7 |
| **കടയ്ക്കൽ പി.ഡി.എസ് ഡിപ്പോ** | |
| ജൂനിയർ അസിസ്റ്റന്റ് | 2 |
| അസിസ്റ്റന്റ് സെയിൽസ്മാൻ | 2 |
| ആകെ | 4 |

സെക്ഷൻ ഓഫീസർ